# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :2130 08.03.2018-ൽ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. പെൻഷൻ സഹകരണ ബാങ്കുകൾ വഴി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ.ശശി | ശ്രീ.കടകംപള്ളി സുരേന്ദ്രൻ<br>(ബഹു.സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പമന്ത്രി) |

| | | | |
|---|---|---|---|
| (എ) | ദുരിതമനുഭവിക്കുന്ന കെ.എസ്.ആർ.ടി.സി. പെൻഷൻകാർക്ക് സഹകരണ ബാങ്കുകളും മറ്റു സഹകരണ സ്ഥാപനങ്ങളും വഴി പെൻഷൻ നൽകുവാനുള്ള പദ്ധതി എന്നു നടപ്പിലാക്കി; | (എ) | കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പെൻഷൻകാർക്ക് സഹകരണ ബാങ്കുകൾ/സഹകരണ സ്ഥാപനങ്ങൾ മുഖേന പെൻഷൻ നൽകുന്നതിലേക്കായി പ്രാഥമിക കാർഷിക വായ്പാ സഹകരണ ബാങ്കുകളുടെ കൺസോർഷ്യം മുഖേന പെൻഷൻ വിതരണം നടത്തുന്നതിനായി 19/02/2018 ലെ ജി.ഒ(ആർ.റ്റി)102/18/സഹ. നമ്പർ ഉത്തരവ് മുഖേന സർക്കാർ അനുമതി നൽകി ഉത്തരവായ പ്രകാരം 20/02/2018 ൽ പെൻഷൻ വിതരണം ആരംഭിച്ചു. |
| (ബി) | ആയതുവഴി എത്ര പെൻഷൻകാർക്ക് പെൻഷൻ ലഭിക്കും എന്നും ഇവർക്ക് സഹകരണ സ്ഥാപനങ്ങൾ പെൻഷൻ നൽകുന്നതു സംബന്ധിച്ച് സർക്കാർ നൽകിയ നിർദ്ദേശങ്ങൾ എന്തെന്നും (നിർദ്ദേശങ്ങളുടെ പകർപ്പ് സഹിതം) വ്യക്തമാക്കുമോ; | (ബി) | കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പെൻഷൻ 2/18 വരെയുള്ള പെൻഷൻ കുടിശ്ശിക വിതരണം ചെയ്യുന്നതിനാണ് പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ കൺസോർഷ്യം (ആദ്യഘട്ടം) രൂപീകരിച്ചത്. ആയതുവഴി 37,090 പെൻഷൻകാർക്കാണ് തുക വിതരണം ചെയ്യുന്നത്.<br><br>ഇതു സംബന്ധിച്ച് നൽകിയ നിർദ്ദേശങ്ങൾ സംബന്ധിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പും സഹകരണ സംഘം രജിസ്ട്രാർ നൽകിയ സർക്കുലർ നിർദ്ദേശങ്ങളുടെ പകർപ്പും ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത സർക്കാർ നിർദ്ദേശം നടപ്പാക്കാനായി സഹകരണ ബാങ്കിന് സർക്കാർ നല്കേണ്ടി വരുന്ന തുക എത്ര; | (സി) | ആദ്യഘട്ടമായി കെ.എസ്.ആർ.ടി.സി. പെൻഷൻ വിതരണത്തിനായി പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ മുഖേന കൺസോർഷ്യം രൂപീകരിച്ച് സമാഹരിച്ചത് 250 കോടി രൂപയാണ്. ഫെബ്രുവരി 18 വരെയുള്ള കടിശ്ശികയും, 6 മാസത്തെ പെൻഷനുമുൾപ്പെടെ 600 കോടിയോളം രൂപയും ടി തുകയ്ക്ക് 10% പലിശ സഹിതം സർക്കാർ നൽകേണ്ടി വരും. |
| (ഡി) | സഹകരണ സ്ഥാപനങ്ങളിൽ സർക്കാർ നിർദ്ദേശമായ സീറോ ബാലൻസ് അക്കൗണ്ട് എന്നത് മറികടന്ന് പല സ്ഥാപനങ്ങളും കൂടുതൽ തുക ഈടാക്കിയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ ഇത്തരം പ്രവൃത്തികൾ തടയുവാനും സംസ്ഥാനത്താകമാനം ഒരേ രീതിയിലെ നടപടിക്രമം ഉറപ്പുവരുത്താനുമായുള്ള എന്തു നടപടികൾ സ്വീകരിക്കും എന്നും വ്യക്തമാക്കുമോ? | (ഡി) | സഹകരണ സ്ഥാപനങ്ങളിൽ കെ.എസ്.ആർ.ടി.സി. പെൻഷൻ വിതരണത്തിനായി സീറോ ബാലൻസ് അക്കൗണ്ട് എന്ന പ്രത്യേക നിർദ്ദേശം നൽകിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**

GOVERNMENT OF KERALA

**Abstract**

Co-operation Department- Pension distribution to Kerala State Road Transport Corporation Pensioners – Primary Agricultural Credit Societies Consortium - Permission granted - orders issued.

===========================================

CO-OPERATION (C) DEPARTMENT

G.O.(Rt) No.102/2018/Co-op. *Dated, Thiruvananthapuram,19th February, 2018.*

===========================================

Read:- 1. Minutes of the Meeting held by the Hon'ble CM on 07/02/2018.
2. Letter No.CB(1) 4532/18 dated 15/02/2018 from the Registrar of Co-operative Society.
3. G.O.(Rt)No.66/2018/Trans dated 17/02/2018.
4. Note No.37/Secy/Trans/2018 dated 19/02/2018 from the Principal Secretary, Transport, Revenue(Devaswam) Department.

**ORDER**

Kerala State Road Transport Corporation, a Public Sector Undertaking is facing a very serious crisis since its financial position prevents it from disbursing the monthly pension to its pensioners. This issue was discussed in a highlevel meeting convened by the Hon'ble Chief Minister. Based on discussion, the government have decided in principle to form a consortium of Primary Agricultural Credit Societies with Kerala State Co-operative Bank as its leader for mobilising the funds for distribution of pension till July, 2018. Accordingly Transport Department as per the order read as 3rd paper above have issued a order approving the conditions of Memorandum of Understanding to be signed between Kerala State Co-operative Bank, Government of Kerala and Kerala State Road Transport Corporation.

Now the Registrar of Co-operative Societies has requested sanction for constituting a consortium of Primary Agricultural Co-operative Societies, with Kerala State Co-operative Bank as leader for mobilising funds and distributing the pension through the accounts to be opened by the pensioners in the respective Primary Agricultural Credit Societies.

Government have examined the issue in detail and are pleased to permit the Registrar of Co-operative Societies to constitute a consortium of selected Primary Agricultural Credit Societies with Kerala State Co-operative Bank as leader for distributing the pension to the retired employees of Kerala State Road Transport Corporation.

Kerala State Co-operative Bank has no liability with repect to the fund. The role of Kerala State Co-operative Bank will be limited to administration of the fund, raise the fund from Primary Agricultural Credit Societies and distribute the same to the account of the pensioners to be opened in various

Primary Agricultural Credit Societies through District Co-operative Banks concerned. It will act as coordinating agency between Government, Primary Agricultural Credit Societies and Kerala State Road Transport Corporation. The Registrar of Co-operative Societies will oversee these activities.

Necessary notification under Section 101 of Kerala Co-operative Socities Act permitting the Registrar of Co-operative Societies to constitute a consortium of Primary Agricultural Credit Societies for distribution of pension will be issued seperately.

The District Co-operative Bank will transfer the fund to the respective Primary Agricultural Credit Societies based on the requirement.

The Registrar of Co-operative Socities is also permitted to issue necessary orders permitting Primary Agricultural Credit Societies to open account by pensioners, even if the pensioner are non members.

By order of the Governor,

**VENUGOPAL P**
**SECRETARY TO GOVERNMENT**

To

1. The Registrar of Co-operative Societies.
2. The Managing Director, KSRTC.
3. The Managing Director, Kerala State Co-operative Bank.
4. The Finance Department
5. The Transport Department.
6. Stock file/Office copy

Forwarded/ By Order

Section Officer.

Email : Keralarcs.coop@kerala.gov.in
Website : www.cooperation.kerala.gov.in
Fax : 0471-2331513, 0471-2331136

നം. സി.ബി(1) 4532/2018

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി:19.02.2018

## സർക്കുലർ നമ്പർ - 14/2018

വിഷയം:- സഹകരണ വകുപ്പ് - കെ.എസ്.ആർ.റ്റി.സി പെൻഷൻ വിതരണം- പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ കൺസോർഷ്യം മുഖേന - മാർഗ്ഗ നിർദ്ദേശങ്ങൾ സംബന്ധിച്ച്.

സൂചന:- സർക്കാരിന്റെ 19.02.18 ലെ ജി.ഒ (ആർ.റ്റി)102/2018 സഹ. നമ്പർ ഉത്തരവ്.

KSRTC ജീവനക്കാർക്കുള്ള 2018 ഫെബ്രുവരി വരെയുള്ള പെൻഷൻ വിതരണം പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ കൺസോർഷ്യം മുഖേന വിതരണം നടത്തുന്നത് സംബന്ധിച്ച് പുറപ്പെടുവിച്ച സൂചന ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നു.

- KSRTC പെൻഷൻ വിതരണം പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ കൺസോർഷ്യം മുഖേന നടത്തുന്നതാണ്.

- കൺസോർഷ്യത്തിന്റെ ലീഡർ സംസ്ഥാന സഹകരണ ബാങ്ക് ആയിരിക്കും.

- പെൻഷൻ ഉപഭോക്താക്കൾക്ക് അവരുടെ നിലവിൽ പെൻഷൻ ലഭിക്കുന്ന ബാങ്ക് ബ്രാഞ്ചിന് സമീപമുള്ള സഹകരണ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ പെൻഷൻ അക്കൗണ്ട് മാത്രം ഇട പാട് നടത്തുന്നതിനായി പ്രത്യേക അക്കൗണ്ട് ആരംഭിയ്ക്കുന്നതിനുള്ള നട പടി സ്വീകരിക്കേണ്ടതാണ്.

- പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ കെ.എസ്. ആർ.റ്റി.സി പെൻഷനേഴ്സിനുള്ള അക്കൗണ്ടുകൾ ആരംഭിക്കുന്നതിന് മുൻപ് കെ.എസ്.ആർ.റ്റി.സി പെൻഷനറാണെന്നുള്ള നിയമാനുസൃത രേഖകൾ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതും, രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് അതാത് പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘ ങ്ങൾ/ബാങ്കുകളിൽ സൂക്ഷിയ്ക്കേണ്ടതുമാണ്.

- അക്കൗണ്ട് ആരംഭിച്ച വിവരം പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ-ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജർ, ജോയിന്റ് രജിസ്ട്രാർ എന്നിവരെ അറിയിക്കേണ്ടതാണ്.

- പെൻഷൻ വിതരണത്തിന് ആവശ്യമായ തുക KSRTC നൽകുന്ന ലിസ്റ്റ് പ്രകാരം കൺസോർഷ്യത്തിൽ നിന്നും സംസ്ഥാന സഹകരണ ബാങ്ക് പെൻഷൻ ഉപഭോക്താക്കൾ അക്കൗണ്ട് ഓപ്പൺ ചെയ്ത പ്രാഥമിക സഹക രണ ബാങ്കുകൾക്ക് ജില്ലാ സഹകരണ ബാങ്കുകൾ മുഖേന നൽകേണ്ടതാണ്.

- അക്കൗണ്ട് ആരംഭിച്ച് മൂന്ന് ദിവസത്തിനകം ജില്ലാ സഹകരണ ബാങ്ക് പ്രാഥ മിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് തുക ട്രാൻസ്ഫർ

ചെയ്യേണ്ടതും അതേ ദിവസം തന്നെ പെൻഷൻ ഉപഭോക്താവിന്റെ അക്കൗണ്ടിലേക്ക് തുക വരവ് വച്ച് നൽകേണ്ടതുമാണ്.

- പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ കൺസോർഷ്യം വായ്പയ്ക്ക് /പലിശയ്ക്ക് ആഡിറ്റിൽ കരുതൽ വയ്ക്കേണ്ടതില്ല.

- പെൻഷൻ ഉപഭോക്താവിന് പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ കുടിശ്ശികയുള്ള പക്ഷം കുടിശ്ശിക തുക പെൻഷൻ നൽകുന്ന തുകയിൽ നിന്നും ഈടാക്കാൻ പാടുള്ളതല്ല.

ഒപ്പ്/-
ഡോ.ഡി.സജിത്ത് ബാബു.ഐ.എ.എസ്സ്
സഹകരണസംഘം രജിസ്ട്രാർ

1. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം.
2. ജനറൽ മാനേജർ, എല്ലാ ജില്ലാ സഹകരണ ബാങ്കുകളും.
3. എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർക്കും.
4. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർ(ആഡിറ്റ്)മാർക്കും
5. ജോയിന്റ് ഡയറക്ടർ/സമകാലീന ആഡിറ്റർ, കേരള സംസ്ഥാന സഹകരണ ബാങ്കും, ജില്ലാ സഹകരണ ബാങ്കുകളും.
6. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)മാർക്കും (ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
7. എല്ലാ അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്)മാർക്കും (ജില്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മുഖേന)
8. എല്ലാ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ, സർവ്വീസ് സഹകരണ ബാങ്കുകൾ (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
9. സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ, തിരുവനന്തപുരം.
10. സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്.
11. സഹകരണ ആഡിറ്റ് ഡയറക്ടർ, ആഡിറ്റ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം.
12. സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ – എല്ലാ ആഫീസർമാർക്കും/സെക്ഷൻ സൂപ്രണ്ടുമാർക്കും.
13. എഡിറ്റർ, സഹകരണ വീഥി
14. വെബ്സൈറ്റ്
15. സ്റ്റോക്ക് ഫയൽ
16. സ്പെയർ.

//ആജ്ഞാനുസരണം//

അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്).